ശ്രീ. കെ. രാഘവൻ മാസ്റ്റർ: വയനാട് ജില്ലയിൽ നൂൽപ്പുഴ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ ഗിരിവർഗ്ഗക്കാർക്കിടയിൽ കുഷ്ഠരോഗം ഉള്ളതായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ അവരെ ആശുപത്രിയിൽ കൊണ്ടുപോയി ചികിൽസിച്ച് ഒരുവിധം ഭേദമാകുമ്പോൾ മരുന്ന് കൊടുത്ത് വീട്ടിലേക്ക് വിടുകയാണ് പതിവ്. അങ്ങനെ മരുന്ന് കൊടുത്ത് അയയ്ക്കുമ്പോൾ ആ മരുന്നുകൾ വേണ്ടവിധത്തിൽ ഉപയോഗിക്കാത്തതുകൊണ്ട് കുഷ്ഠരോഗം ഭേദമാകുന്നില്ല. അതുകൊണ്ട് അത്തരം രോഗികളെ പരിപൂർണ്ണമായി ഗവൺമെൻറിന്റെ നിയന്ത്രണത്തിലും സംരക്ഷണയിലും കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പരിശോധിക്കുന്ന അവസരത്തിൽ കുഷ്ഠരോഗത്തിന്റെ സ്വഭാവം ഉണ്ടെങ്കിൽ അവരെ പരിശോധിച്ച് ബന്ധപ്പെട്ട ആശുപത്രിയിൽ എത്തിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അങ്ങനെ മരുന്ന് കൊടുത്തയച്ചാൽ അത് വേണ്ടവിധത്തിൽ ഉപയോഗിക്കാത്തതുകൊണ്ട് രോഗം ഭേദമാകുന്നില്ല. ഗവൺമെൻറ് നിയന്ത്രണത്തിൽ അവർക്ക് മരുന്ന് കൊടുക്കാനും സംരക്ഷണം കൊടുക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുഷ്ഠരോഗത്തിന്റെ സൂചനയുണ്ടെങ്കിൽ അവർക്ക് മരുന്നു കൊടുത്തു വിടുന്ന ആശുപത്രിയില്ല. കുഷ്ഠരോഗ സൂചന ഉണ്ടെങ്കിൽ അവർക്ക് മരുന്നു കൊടുക്കുന്നത് കുഷ്ഠരോഗാശുപത്രിയിലും അതുമായി ബന്ധപ്പെട്ട ആശുപത്രിയിലുമാണ്. അതിന്റെ സൂചനയില്ലാത്തവർക്ക് വേറെ വല്ല രോഗവുമായിരിക്കും. അവരെ വേറെ എവിടെയെങ്കിലും കൊണ്ടുപോകണം.

ശ്രീ. രാഘവൻ പെഴക്കടവിൽ: തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ തമിഴ് നാട്ടിൽനിന്ന് വന്ന ചില കുഷ്ഠരോഗികൾ സ്ഥിരമായി താമസിക്കുകയാണ്. അവർ നേരം പുലർന്നാൽ പട്ടണങ്ങളിൽ പീടികകളിലും ഹോട്ടലുകളിലും കയറി പിരിവെടുത്തുകൊണ്ട് വൈകുന്നേരം ആകുമ്പോൾ തമ്പടിച്ചു ജീവിക്കുകയാണ്, അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: തമിഴ്നാട്ടിൽനിന്ന് മാത്രമല്ല കർണ്ണാടകം, ആന്ധ്രാ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ഉള്ളവരുമുണ്ട്. ഇവിടെയുള്ളവർക്കുതന്നെ പുനരധിവാസത്തിന് സൗകര്യമില്ല. കഴിയുന്നത്രയും അതിന് നിയന്ത്രണം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കാം. അനാരോഗ്യകരമായ സാഹചര്യങ്ങളിലേക്ക് പോകാതിരിക്കുവാൻ വേണ്ട കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിനോദ സഞ്ചാരം വ്യവസായമാക്കാൻ നടപടി

*4 (451) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, പി. കെ. ഹംസ:
ശ്രീമതി പി. ദേവുട്ടി:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, എം. ജിനദേവൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുമൂലം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയ്ക്ക് കിട്ടുന്നതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) പദ്ധതി സംബന്ധമായ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കാനും, നിക്ഷേപ മൂലധനത്തിനും ഉള്ള സബ്സിഡി, വ്യവസായ പരിശീലനത്തിനുള്ള സഹായം, സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നുള്ള ധനസഹായം, കുറഞ്ഞ നിരക്കിൽ ഭൂമി, ജല—വിദ്യുച്ഛക്തി നിരക്കുകളിൽ സൗജന്യം, കെട്ടിട നികുതിയിളവ് തുടങ്ങിയ ആനുകൂല്യങ്ങളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, വിനോദ സഞ്ചാരം ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് അനാസ്ഥ കാണിക്കുന്നതു കൊണ്ട് പ്രധാനപ്പെട്ട പല കേന്ദ്രങ്ങളിലും വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിലുള്ള പരിപാടികൾ ഇന്നില്ല. ഉദാഹരണത്തിന് പൊൻമുടിയിൽ ഒരു മാസ്റ്റർപ്ലാനുണ്ട്. ആ മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് അമാന്തിക്കുന്നു. അവിടെ ഒരു ഹോട്ടൽ വേണമെങ്കിൽ സർക്കാർ സ്ഥലംകൊടുത്തേ മതിയാകൂ. കെ.ടി.ഡി.സി.ക്ക് എങ്കിലും സ്ഥലം കൊടുത്ത് ഹോട്ടലും അതിനോടനുബന്ധിച്ച് മറ്റു സൗകര്യങ്ങളും ഉണ്ടാക്കി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇൻഡ്യയിലെ ഏറ്റവും സംസ്ഥാനം എടുത്തു പരിശോധിച്ചാലും, ഏറ്റവും കൂടുതൽ ടൂറിസം വികസനത്തിനു സാദ്ധ്യതയുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിച്ചുവെങ്കിലും സാമ്പത്തിക പരിമിതിമൂലം നമുക്ക് അത് പൂർണ്ണമായി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ല. കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും മറ്റു പല ഏജൻസികളുടേയും സഹായത്തോടുകൂടി ടൂറിസം വികസിപ്പിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആ കൂട്ടത്തിൽ പൊൻമുടിയും വികസിപ്പിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ടൂറിസം വ്യവസായമായി പ്രഖ്യാപിച്ചുവെങ്കിലും കെ.ടി.ഡി.സി.യും അതുപോലെതന്നെ ടൂറിസം ഡിപ്പാർട്ടുമെന്റുമായി യോജിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ടൂറിസം ഡിപ്പാർട്ടുമെന്റും കെ. ടി. ഡി. സി.യും യോജിച്ചിട്ടാണ് ഇപ്പോഴും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. കെ. ടി. ഡി. സി.യുടെ പ്രവർത്തനത്തിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുക്കണം. ഗവൺമെന്റിനാണെങ്കിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഡിപ്പാർട്ടുമെന്റും ആ കാര്യത്തിനുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ സഹായത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി കെ.ടി.ഡി.സി.യും പ്രവർത്തിക്കുന്നു. ഇതു രണ്ടും യോജിച്ചാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇപ്പോൾ സംയോജിപ്പിക്കാനുള്ള യാതൊരു നിർദ്ദേശവുമില്ല.

ശ്രീ. ടി. കെ. ഹംസ: ലോകത്തിലെ ഏറ്റവും വലിയ തേക്കു തടികളും ഉള്ളതും ഏറ്റവും പ്രകൃതി മനോഹരവുമായ പ്രദേശമാണ് നിലമ്പൂർ. അത് വിനോദസഞ്ചാരകേന്ദ്രമാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: നിലമ്പൂരല്ല, കേരളം മുഴുവൻ വികസിപ്പിക്കാവുന്നതാണ്. നിലമ്പൂർ അതിന്റെ ഒരു ഭാഗം മാത്രമാണ്. ഞാൻ ലോകത്തെ പല രാജ്യങ്ങളും കണ്ടിട്ടുണ്ട്. കേരളത്തിന്റെ ഏതു പഞ്ചായത്ത് എടുത്തു പരിശോധിച്ചു നോക്കിയാലും വിനോദസഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ സ്ഥലങ്ങളാണ്. അതുകൊണ്ട് എല്ലാ പ്രദേശവും വികസിപ്പിക്കാനാണ് ലക്ഷ്യം.

ശ്രീ. ടി. കെ. ഹംസ: ലോകത്തെ പല രാജ്യങ്ങളും മന്ത്രി കണ്ടിട്ടുണ്ട്. നിലമ്പൂർ പോലെ സുന്ദരമായ പ്രദേശം കണ്ടിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: നിലമ്പൂർ പരിഗണനയിൽ ഉള്ളതാണ്.

ശ്രീമതി പി. ദേവുട്ടി: വിനോദസഞ്ചാരം വ്യവസായമാക്കിയതു കൊണ്ട് കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മളെല്ലാവരും ആലോചിക്കേണ്ട ഒരു പ്രശ്നമാണിത്. കേരളത്തിൽ ഏറ്റവും അധികം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സാദ്ധ്യതയുണ്ട്. പക്ഷേ വിദേശത്തുനിന്നുള്ള വിനോദസഞ്ചാരികൾ പലപ്പോഴും കേരളത്തിൽ വരാറില്ല. സ്വിറ്റ്സർലൻഡിൽനിന്നും ശ്രീലങ്ക വരെ വരുന്ന സഞ്ചാരികൾപോലും പലപ്പോഴും കേരളത്തിൽ വരുന്നില്ല. അവരുടെയൊക്കെ ധാരണ കാശ്മീർ മാത്രമാണ് ഇൻഡ്യയിൽ വിനോദസഞ്ചാരികൾക്ക് പറ്റിയ ആകർഷകമായ സ്ഥലമെന്നാണ്. ഈ സ്ഥിതിവിശേഷത്തിന് ഒരു മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടി നമ്മുടെ എമ്പസികൾ വഴിയും മറ്റു രീതിയിലുമുള്ള പ്രചരണത്തിനുള്ള സംവിധാനമുണ്ടാക്കി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീമതി പി. ദേവുട്ടി: കേരളത്തിൽ ഏതെല്ലാം ഭാഗത്താണ് പുതുതായി വിനോദസഞ്ചാരകേന്ദ്രങ്ങളുണ്ടാക്കാൻ പോകുന്നത്? ഏഴിമല വിനോദസഞ്ചാരകേന്ദ്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഏഴിമലയിൽ പുതിയ പദ്ധതി വരുന്നതോടുകൂടി വേണമെങ്കിൽ ആലോചിക്കാവുന്ന ഒരു പ്രപ്പോസലാണിത്.

ശ്രീ. എം. ജിനദേവൻ: വിനോദസഞ്ചാര വികസനത്തോടനുബന്ധിച്ച് ഇടുക്കി ജില്ലയിലെ തേക്കടിയിൽ എന്തെങ്കിലും കൂടുതൽ വികസനപദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? തേക്കടി വികസനം ഇന്ന് ഏതാണ്ട് മുരടിച്ചു നിൽക്കുന്ന സ്ഥിതിയാണ്. തേക്കടിയുടെ വികസനം നന്നായാൽ കൂടുതൽ വിദേശസഞ്ചാരികൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വരുന്നു. തേക്കടിയിൽ ഇപ്പോഴത്തെന്ന ധാരാളം ആളുകൾ വിദേശത്തുനിന്ന് വരുന്നുണ്ട്. തേക്കടി ഒരു പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിനോദ സഞ്ചാരകേന്ദ്രമാണ് തേക്കടി. അവിടെ കുറച്ചു പരിമിതികളുണ്ട് എന്നു മനസ്സിലാക്കിയതുകൊണ്ട് ആ പരിമിതികൾ മാറ്റുന്നതിനും തേക്കടിയിലേക്കുള്ള റോഡിന്റെ ശോച്യാവസ്ഥ മാറ്റുന്നതിനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. തേക്കടി കുറച്ചു കൂടി വികസിപ്പിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: തേക്കടി മാത്രമല്ല, ഇടുക്കി ജില്ലാ ആസ്ഥാനമായ പൈനാവ്, കുളമാവ് തുടങ്ങിയ പ്രദേശങ്ങളാകെത്തന്നെ വിദേശസഞ്ചാരികൾക്കാകർഷകങ്ങളായ പ്രദേശങ്ങളാണ്. അതിനാൽ ഇടുക്കി, കുളമാവ് തുടങ്ങിയ പ്രദേശങ്ങളെല്ലാം കേന്ദ്രീകരിച്ച് വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പറ്റിയ പ്രദേശമാണ് ഇടുക്കി. അതുകൊണ്ട് ആ പ്രദേശങ്ങളടക്കമുള്ള ഹിൽ ഏരിയാ മുഴുവൻ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി പര്യാപ്തമാക്കുന്നതാണ്. ഇപ്പോഴത്തെ താമസസൗകര്യങ്ങളുടെ അപര്യാപ്തതയുള്ള സ്ഥലങ്ങളിൽ താമസിക്കുവാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച്, വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമായ വിധത്തിലുള്ള പ്രദേശങ്ങളാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ഇൻഡ്യയിൽ ആദ്യമായി ഒരു വിദേശീയൻ വാസ്കോഡിഗാമ കാലുകുത്തിയ എന്റെ നിയോജക മണ്ഡലത്തിലെ കാപ്പാട്, ടൂറിസ്റ്റ് വികസനകേന്ദ്രമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് വളരെ വർഷങ്ങളായി. അവിടെ എന്ത് പ്രവർത്തനമാണ് ഇതുവരെ നടന്നിട്ടുള്ളതെന്ന് ഒന്നു വിശദമാക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ: പല സ്ഥലങ്ങളും ഇതുപോലെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ സാമ്പത്തികപരിമിതി മൂലം അവിടെ വേണ്ട സൗകര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ടൂറിസ്റ്റുകൾ എത്തുന്നില്ല. കഴിയുന്നത്ര ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമായ രീതിയിൽ സൗകര്യങ്ങളുണ്ടാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(മി. സ്പീക്കർ: 371-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് മന്ത്രി നൽകിയ സ്റ്റേറ്റ്മെന്റിനു സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാം.)

371-ാം നമ്പർ ചോദ്യത്തിന്റെ സപ്ലിമെന്ററി ചോദ്യങ്ങൾ

ശ്രീ. പി. വിജയദാസ്: ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്കിൽനിന്നു ചെയിസിസിനും ബോഡി നിർമ്മിക്കുന്നതിനും പ്രത്യേകമായോ ഒരുമിച്ചോ വായ്പ നൽകുന്ന നടപടി നിലവിലുണ്ട്. അങ്ങനെയിരിക്കെ ബോഡി നിർമ്മിക്കുന്നതിനുകൂടി ലഭ്യമാകുന്ന വായ്പ ഉപയോഗിച്ച് കേരളത്തിലുള്ള സെൻട്രൽ വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നിട്ട് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly